

FRIDAY 29.12.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

### Agriculture Development and Farmer's Welfare Department
### GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/12/2023

1. വാഴ കർഷകരുടെ ഉന്നമനത്തിനായി തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ ആരംഭിച്ച വാഴ ഗവേഷണ കേന്ദ്രത്തിന്റെ വജ്ര ജൂബിലി ആഘോഷം ഇന്ന് (ഡിസംബർ 29) രാവിലെ 11:30-ന് കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ബി അശോക് ഐഎഎസ് ന്റെ അധ്യക്ഷതയിൽ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യുന്നതാണ്. വജ്ര ജൂബിലി സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി വാഴയുടെ ജൈവവൈവിധ്യപ്രദർശനം, സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, തുടങ്ങിയവ സംഘടിപ്പിക്കുന്നു. പ്രദർശന തോട്ടങ്ങൾ, ബനാന മ്യൂസിയം, വാഴയുടെ സംസ്കരണ യൂണിറ്റ്, വാഴയുടെ ജനിതകശേഖരം, എന്നിവ സന്ദർശിക്കുന്നതിനു സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

2. വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതികളിൽ ചേരാൻ രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ഡിസംബർ 31 ആണ്. കാലാവസ്ഥധിഷ്ഠിത പദ്ധതിയിൽ തെങ്ങ്, റബ്ബർ, നെല്ല്, വാഴ, കവുങ്ങ്, കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം, ഗ്രാമ്പൂ, ഇഞ്ചി, മാവ്, പൈനാപ്പിൾ, കശുമാവ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, ചെറു കിഴങ്ങ്, മധുരക്കിഴങ്ങ്) പയർവർഗ്ഗങ്ങൾ (ഉഴുന്ന്, പയർ, ചെറുപയർ, ഗ്രീൻ പീസ്, സോയാബീൻ) പച്ചക്കറി വിളകൾ (പടവലം, പാവൽ, വള്ളി പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും. കാലാവസ്ഥാ നിശ്ചിത വിള ഇൻഷുറൻസിൽ ഓരോ വിളക്കും വെവ്വേറെ പ്രതികൂല കാലാവസ്ഥ ഘടകങ്ങളും അതു കൃഷിഭവൻ അല്ലെങ്കിൽ ഇൻഷുറൻസ് കമ്പനിയെ നേരിട്ടോ രേഖാമൂലമോ 1800-425-7064

എന്ന ടോൾ ഫ്രീ നമ്പറിലോ അറിയിക്കേണ്ടതാണ്. സി.എസ്.സി ഡിജിറ്റൽ സേവകേന്ദ്രങ്ങൾ വഴി കർഷകർക്ക് ഓൺലൈൻ ആയി റജിസ്റ്റർ ചെയ്യാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരാണെങ്കിൽ അവരെ അതതു ബാങ്കുകൾക്കും പദ്ധതിയിൽ ചേർക്കാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിൻ്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെപകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം.

3. തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം കട്ടച്ചകുഴിയിൽ പ്രവർത്തിക്കുന്ന നാളികേര ഗവേഷണ കേന്ദ്രത്തിലെ ലൈവ് സ്റ്റോക്ക് യൂണിറ്റിൽ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. ഒരുമാസം പ്രായമായ കോഴിക്കുഞ്ഞിന് 75 രൂപയും രണ്ടുമാസം പ്രായമായതിന് 120 രൂപയും മൂന്നുമാസം പ്രായമായതിനു 180 രൂപയും ആണ് വില. കൂടുതൽ വിവരങ്ങൾക്ക് **8590294692, 9446516171** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

4. കേരള കർഷകതൊഴിലാളി ക്ഷേമനിധിബോർഡിൽ നിലവിലുള്ള അംഗങ്ങളിൽ 2021 ഡിസംബർ വരെ അംഗത്വം പുതുക്കിയിട്ടുള്ളവർ രണ്ട് വർഷത്തിൽ കൂടുതൽ കുടിശിക ഒഴിവാക്കാൻ ഈ മാസം ക്ഷേമനിധികാര്യാലയത്തിലും നിശ്ചയിച്ചിട്ടുള്ള സിറ്റിങ് കേന്ദ്രങ്ങളിലും അംശദായമടച്ച് അംഗത്വം പുതുക്കണം. കൂടുതൽ വിവരങ്ങൾക്ക് **9746822396, 7025491386 0474 2766843, 2950183** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. കാർഷിക സർവ്വകലാശാല ആരംഭിച്ച നൂതന കോഴ്സുകളുടെ ഭാഗമായി ഇ പഠന കേന്ദ്രം 'ഹൈടെക് അഗ്രിക്കൾച്ചർ, IOT & ഡ്രോൺസ്' എന്ന വിഷയത്തിൽ 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപ, കോഴ്സ് ഫീസ് 35,000 രൂപ. കൂടുതൽ വിവരങ്ങൾക്ക് **8547837256, 04872438567** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ പാലക്കാട്, തൃശൂർ ജില്ലകളിലെ താത്പര്യമുള്ളവർക്കായി ശാസ്ത്രീയ പശുപരിപാലനം, ക്ഷീരോത്പന്ന നിർമാണം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ജനുവരി മൂന്ന് മുതൽ എട്ട് വരെ നടക്കുന്ന ശാസ്ത്രീയ പശു പരിപാലനത്തിൽ ക്ഷീരകർഷകർക്കും ജനുവരി 11 മുതൽ 23 വരെ നടക്കുന്ന ക്ഷീരോത്പന്ന നിർമാണ പരിശീലനത്തിൽ ക്ഷീരകർഷകർ, കുടുംബശ്രീ അംഗങ്ങൾ, സംരംഭകർ എന്നിവർക്കും പങ്കെടുക്കാം. ശാസ്ത്രീയ പശു പരിപാലനത്തിന് **ഡിസംബർ 30** ന് വൈകിട്ട് മൂന്ന് വരെയും ക്ഷീരോത്പന്ന നിർമാണത്തിന് **ജനുവരി എട്ടിന്** വൈകിട്ട് മൂന്ന് വരെയും രജിസ്റ്റർ ചെയ്യാം. യഥാക്രമം 20 രൂപ, 135 രൂപ എന്നിങ്ങനെയാണ് പ്രവേശന ഫീസ്. പശു പരിപാലനം പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും ക്ഷീരോത്പന്ന നിർമാണത്തിൽ പങ്കെടുക്കുന്നവർ ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പും കൈവശം കരുതണം. dddtcpkd.dairy@kerala.gov.in, dtcalathur@gmail.com ലോ **9446972314, 9496839675, 9544554288, 04922226040** ലോ രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.